**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1738** **04-02-2026 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ കൃഷി വകുപ്പ് പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | 2021 മെയ് മാസം മുതൽ നാളിതുവരെ ചാത്തന്നൂർ മണ്ഡലത്തിൽ കൃഷി വകുപ്പ് വിവിധ ഫണ്ടുകൾ വിനിയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത പ്രവൃത്തികൾക്കോരോന്നിനും ചെലവായ തുക എത്രയെന്നും സാമ്പത്തികവർഷം തിരിച്ച് അറിയിക്കാമോ; | (എ) | ജനകീയാസൂത്രണ പദ്ധതി വഴി കഴിഞ്ഞ 5 വർഷങ്ങളിൽ 7 പഞ്ചായത്തുകളിലും, മുൻസിപ്പാലിറ്റിയിലുമായി 8.5 കോടി രൂപ ചെലവഴിച്ച് 268 പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. **കഴിഞ്ഞ 5 വർഷം ചാത്തന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ ജനകീയാസൂത്രണ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.**<br><br>**ചാത്തന്നൂർ മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ വാർഷിക പദ്ധതിയായ കാർഷിക യന്ത്രോപകരണങ്ങളുടെ Service Camp, കേന്ദ്രാവിഷ്കൃത പദ്ധതികളായ RKVY-PDMC, RKVY-SMAM എന്നിവ പ്രകാരം കൃഷി എഞ്ചിനീയറിംഗ് വിഭാഗം വിനിയോഗിച്ച ഫണ്ടുകൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.**<br><br>**2025-26ൽ നടപ്പിലാക്കി വരുന്ന വകുപ്പ് പദ്ധതികൾ**<br><br>പച്ചക്കറി വികസന പദ്ധതി (സമഗ്ര പച്ചക്കറി ഉത്പാദന) യജ്ഞം<br><br>നെൽകൃഷി വികസനം<br><br>കേര രക്ഷാവാരം<br><br>സോയിൽ ആൻഡ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ്<br><br>മഷ്റൂം വില്ലേജ്<br><br>ക്രോപ് ഹെൽത്ത് മാനേജ്മെന്റ് |

| | | | |
|---|---|---|---|
| | | | ഡെവലപ്മെന്റ് ഓഫ് ഫ്രൂട്ട്സ്, ഫ്ലവേഴ്സ് ആൻഡ് മെഡിസിനൽ പ്ലാന്റ്സ്<br><br>മില്ലറ്റ് ഏരിയ എക്സ്പാൻഷൻ<br><br>എൻ എം എസ് എ<br><br>ഓർഗാനിക് ഫാർമിംഗ് & ഗുഡ് അഗ്രിക്കൾച്ചറൽ പ്രാക്ടീസസ്<br><br>എസ് എച് എം<br><br>സ്പൈസസ് ഡെവലപ്മെന്റ്<br><br>**കൃഷിവകുപ്പ് പദ്ധതികൾക്കായി ചാത്തന്നൂർ മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 1,81,48,127/- രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 1,47,32,606/- രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ 1,21,03,445/- രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ 1,41,05,876/- രൂപയും ആകെ ചെലവഴിച്ചിട്ടുണ്ട്.**<br><br>**ചാത്തന്നൂർ മണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നബാർഡ് ധനസഹായത്തോടെ ആർ.ഐ.ഡി.എഫ്.22ൽ ഉൾപ്പെടുത്തി പാമ്പുറം നീർത്ത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ 34,54,444/- രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 39,62,661/- രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ 7,12,018 രൂപയും ചെലവഴിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത കാലയളവിൽ കൃഷിവകുപ്പ് എന്തെങ്കിലും പ്രത്യേക പദ്ധതികൾ ചാത്തന്നൂർ മണ്ഡലത്തിലേക്ക് മാത്രമായി നടപ്പിലാക്കിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ? | (ബി) | ചാത്തന്നൂർ, ചിറക്കര, ആദിച്ചനല്ലൂർ, കല്ലുവാതുക്കൽ, പൂതക്കുളം, പൂയപ്പള്ളി എന്നീ പഞ്ചായത്തുകളും, പരവൂർ മുൻസിപ്പാലിറ്റിയും ചേരുന്നതാണ് ചാത്തന്നൂർ നിയോജക മണ്ഡലം.<br>ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ബഹു. എം.എൽ.എ. ശ്രീ. ജി.എസ്. ജയലാൽ അവർകളുടെ സമഗ്ര വികസന പരിപാടി ആയ 'പുനർജനി ചാത്തന്നൂർ' കാർഷിക മേഖലയുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പിലാക്കി വരുന്നു. മണ്ഡലത്തിലെ 7 പഞ്ചായത്തുകളിലെ അടിസ്ഥാന വിവര ശേഖരണം ആണ് ആദ്യമായി നടപ്പിലാക്കിയത്. വിവിധ പഞ്ചായത്തുകളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിച്ച് തരിശ് രഹിതമായി കൃഷിയിറക്കുന്നതിനായി |

ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കർഷകർ എന്നിവരുടെ യോഗം ബഹു. എം.എൽ.എ വിളിച്ചു ചേർക്കുകയും, ഫീൽഡ് സന്ദർശനങ്ങൾ നടത്തി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ്, കെ.എൽ.ഡി.സി. എന്നിവ മുഖേന ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. ഇതിന്റെ ഫലമായി പൂതക്കുളം പഞ്ചായത്ത് തരിശ് രഹിത പഞ്ചായത്തായി പ്രഖ്യാപിക്കപ്പെടുകയും, വർഷങ്ങളായി തരിശായി കിടന്നിരുന്ന പോളച്ചിറ ഏലയിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് 50 HP മോട്ടോറുകൾ സ്ഥാപിച്ച് വീണ്ടും കൃഷി ചെയ്യുന്നതിനും സാധിച്ചു.

നിയോജക മണ്ഡലത്തിൽ നാളികേരം പ്രധാന വിളയായിട്ടുള്ള മണ്ഡലത്തിൽ എല്ലാ പഞ്ചായത്തുകളിലും, മുൻസിപ്പാലിറ്റിയിലും കേരഗ്രാമം പദ്ധതി പൂർണ തോതിൽ നടപ്പിലാക്കി. എല്ലാ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റിയിലും പൂർണമായി കേരഗ്രാമം നടപ്പിലാക്കുന്ന ആദ്യത്തെ നിയോജക മണ്ഡലം ആണ് ചാത്തന്നൂർ.

നിയോജക മണ്ഡലത്തിലെ എല്ലാ കൃഷി ഭവനുകളും smart കൃഷിഭവനുകൾ ആക്കി മാറ്റുന്നതിനായി എല്ലാ സൗകര്യങ്ങളോടും കൂടിയ കൃഷിഭവൻ കെട്ടിടങ്ങൾ എം.എൽ.എ ഫണ്ട് ഉപയോഗിച്ചു ബഹു. എം.എൽ.എ നിർമ്മിച്ചു നൽകി. ഇതിൽ പരവൂർ കൃഷി ഭവന്റെ നിർമ്മാണം നടന്നു വരുന്നു. മറ്റുള്ള കൃഷിഭവനുകൾ പൂർത്തിയായിട്ടുണ്ട്. Smart കൃഷി ഭവന് ആവശ്യമായ അധിക സൗകര്യങ്ങൾക്കായി ഡിപ്പാർട്ട്മെന്റിൽ നിന്നും അനുവദിച്ച 157.035 ലക്ഷം രൂപയിൽ 2024-25ൽ ലഭിച്ച 76 ലക്ഷം രൂപ ഉപയോഗിച്ച് പൂയപ്പള്ളി, കല്ലുവാതുക്കൽ, പൂതക്കുളം എന്നീ കൃഷി ഭവനുകളുടെ പ്രവൃത്തികൾ നടന്നു വരുന്നു. പരവൂർ കൃഷിഭവന് അനുവദിച്ച 20.3 ലക്ഷം രൂപയുടെ smart കൃഷിഭവൻ വർക്കുകൾ കെട്ടിടം പണി പൂർത്തിയായാലുടൻ ചെയ്യുന്നതിനായി pwd യ്ക്ക് നൽകിയിട്ടുണ്ട്. ഈ വർക്കുകൾ പൂർത്തിയാകുന്നതോടെ ചാത്തന്നൂർ മണ്ഡലത്തിലെ എല്ലാ കൃഷി ഭവനുകളും smart കൃഷി ഭവനുകൾ ആയി മാറും.
സംസ്ഥാനത്തെ ആദ്യത്തെ ISO certified ADA office ആണ് ചാത്തന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്. 2021-22 വർഷത്തിൽ ISO സർട്ടിഫിക്കേഷൻ നേടിയ ചാത്തന്നൂർ ADA ഓഫീസ് 4-ാം വർഷവും സർട്ടിഫിക്കേഷൻ തുടരുന്നു. മണ്ഡലത്തിലെ കൃഷി ഭവനുകൾ smart കൃഷി ഭവനുകൾ ആക്കുന്നതോടൊപ്പം ISO സർട്ടിഫിക്കേഷനും ലക്ഷ്യമിടുന്നു.

| | | | |
|---|---|---|---|
| | | | മണ്ഡലത്തിൽ 5 പഞ്ചായത്തുകളിൽ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ നൂതന പദ്ധതി ആയ 'പോഷകശ്രീ' പദ്ധതി (മണ്ണില്ലാകൃഷി-തിരിനന സമ്പ്രദായത്തിലൂടെ) തുടർച്ചയായി 6-ാം വർഷവും നടപ്പിലാക്കുന്നു.<br><br>കൃഷി വകുപ്പ് നടപ്പിലാക്കുന്ന ഫാം പ്ലാൻ പദ്ധതിയിലൂടെ മണ്ഡലത്തിലെ വിവിധ കൃഷിഭവൻ പരിധിയിലായി 250 ഫാം പ്ലാൻ അധിഷ്ഠിത കൃഷിയിടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.<br>2024-25 വർഷത്തിൽ മണ്ഡലത്തിലെ ചാത്തന്നൂർ പഞ്ചായത്തിൽ കൃഷി സമൃദ്ധി പദ്ധതി നടപ്പിലാക്കി. ഫാം പ്ലാൻ, ഫ്രൂട്ട് ക്ലസ്റ്റർ, കേരരക്ഷാവാരം, പച്ചക്കറി വികസന പദ്ധതികൾ, തരിശ് ഭൂമി കൃഷി, ഇടവിള കൃഷി മുതലായ പദ്ധതികൾ വിപുലമായ തോതിൽ ഈ പഞ്ചായത്തിൽ നടപ്പിലാക്കി.<br><br>ഈ വർഷം കൂൺ ഗ്രാമം പദ്ധതി ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. മണ്ഡലത്തിലെ 7 കൃഷിഭവനുകളിലായി 115 കൃഷിക്കൂട്ടങ്ങൾ സജീവമായി പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

| Sl. No. | Krishi bhavan | 2021-22 | | 2022-23 | | 2023-24 | | 2024-25 | | 2025-26 | | Total No.of Project | Total Amount |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | No.of Project | Amount | No.of Project | Amount | No.of Project | Amount | No.of Project | Amount | No.of Project | Amount | | |
| 1 | Adichanalloor | 8 | 1065174 | 7 | 1864000 | 7 | 2582548 | 12 | 546526 | 6 | 116425 | 40 | 6174673 |
| 2 | Chathannoor | 11 | 4723834 | 10 | 3865172 | 6 | 3629716 | 4 | 3049335 | 7 | 3159250 | 38 | 18427307 |
| 3 | Chirakkara | 3 | 1646070 | 4 | 1029652 | 5 | 2007240 | 7 | 1296763 | 4 | 2159600 | 23 | 8139325 |
| 4 | Kalluvathukkal | 7 | 3047500 | 8 | 2188915 | 12 | 2815094 | 12 | 3349500 | 11 | 3353005 | 50 | 14754014 |
| 5 | Paravoor | 6 | 2499750 | 4 | 2679640 | 3 | 948992 | 10 | 6605438 | 9 | 4731920 | 32 | 17465740 |
| 6 | Poothakulam | 5 | 2997655 | 7 | 2008156 | 4 | 1175600 | 10 | 3864440 | 14 | 3255816 | 40 | 13301667 |
| 7 | Pooyapally | 7 | 584372 | 9 | 1534258 | 9 | 1416900 | 10 | 1536500 | 10 | 1725000 | 45 | 6797030 |
| Total | | 47 | 16564355 | 49 | 15169793 | 46 | 14576090 | 65 | 20248502 | 61 | 18501016 | 268 | 85059756 |

**<u>അനുബന്ധം-II</u>**

| Scheme | 2021-22 | 2022-23 | 2023-24 | 2024-25 | 2025-26 |
|---|---|---|---|---|---|
| SMAM | 706820 | 1203547 | 1532102 | 784687 | 0 |
| PDMC | 28984 | 11931 | 13533 | 14602 | 0 |
| Service Camp | Nil | Nil | Nil | 20010 | 9981 |